(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും യു.ജി.സി. നടപ്പിലാക്കുവാൻ തീരുമാനിച്ചതായി അറിവുണ്ടോ;

(ഡി) എങ്കിൽ മെഡിക്കൽ രംഗത്തെ സ്ഥാപനങ്ങളിൽ മാത്രം യു.ജി.സി. നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ ഡന്റൽ ഫാർമസി എന്നീ കോളേജുകളിലെ അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ. സ്കെയിലുള്ള ശമ്പള പരിഷ്കരണം നടത്തുന്നതിന്റെ വിവിധ വശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 25.9.99-ലെ ജി.ഒ. (എം.എസ്.) നം. 393/99/ആ.കു. ഉത്തരവു പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നേഴ്സിംഗ് കോളേജിലെ അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ. സ്കെയിൽ ബാധകമാക്കണമെന്നാവശ്യപ്പെട്ടിട്ടുള്ള നിവേദനം സർക്കാർ പരിശോധിച്ചു വരുന്നു. ഹോമിയോ കോളേജുകളിലും ആയുർവേദ കോളേജുകളിലും ചില വ്യവസ്ഥകൾക്കു വിധേയമായി 11.3.98-ലെ ജി.ഒ. (പി) നം. 915/98/156/ഫിൻ. ഉത്തരവു പ്രകാരം 1/11/97 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി ഐ.ഐ.സി.ടി.ഇ. സ്കെയിലുള്ള ശമ്പള പരിഷ്ക്കരണം നടപ്പിലാക്കിയിട്ടുണ്ട്. ഡയറക്ട് പേയ്മെന്റ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ള പ്രൈവറ്റ് ആയുർവേദ കോളേജുകളിലെ സംസ്കൃതാദ്ധ്യാപകർക്കും ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും യു.ജി.സി. സ്കീം നടപ്പിലാക്കണമെന്നുള്ള നിവേദനം പരിശോധിച്ചു വരുന്നു.

(സി) ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ യു.ജി.സി. പദ്ധതി നടപ്പിലാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കെയിൽ നടപ്പിലാക്കുന്ന കാര്യം തത്വത്തിൽ തീരുമാനിച്ചിട്ടുള്ളതായി അറിയുന്നു.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ഡന്റൽ, ഫാർമസി കോളേജുകളിലെ അദ്ധ്യാപകർക്ക്, അതിലേയ്ക്കായി നിയോഗിച്ച കമ്മിറ്റി റിപ്പോർട്ട് നൽകുന്ന മുറയ്ക്ക് എ.ഐ.സി.ടി.ഇ. സ്കെയിലുള്ള ശമ്പള പരിഷ്കരണം പരിഗണിക്കുന്നതാണ്.

ശിശുക്കൾക്ക് വാക്സിനേഷൻ

135(877)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശിശുക്കൾക്ക് നിലവിൽ എന്തൊക്കെ രോഗങ്ങൾക്കെതിരെ വാക്സിനേഷൻ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഹെപ്പറ്റിറ്റിസ് ബി, ന്യൂമോണിയ, ചിക്കൻപോക്സ് മുതലായ രോഗങ്ങൾക്കെതിരെ ശിശുക്കൾക്ക് സൗജന്യവും നിർബന്ധിതവും ആവാക്സിനേഷൻ നടത്തുവാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ക്ഷയം, ഡിഫ്തീരിയ, വില്ലൻചുമ, ടെറ്റനസ്, അഞ്ചാംപനി എന്നീ രോഗങ്ങൾക്കെതിരെ വാക്സിനേഷൻ നടത്തുന്നുണ്ട്.

(ബി) ഹെപ്പറ്റിറ്റിസ് ബി, ന്യൂമോണിയ, ചിക്കൻപോക്സ് മുതലായവ നാഷണൽ ഇമ്മ്യൂണൈസേഷൻ പ്രോഗ്രാമിൽപ്പെടുത്തിയിട്ടില്ല. ഹെപ്പറ്റിറ്റിസ് ബി പ്രതിരോധകുത്തിവയ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പിലാക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. ന്യൂമോണിയ, ചിക്കൻപോക്സ് എന്നീ രോഗങ്ങൾക്കെതിരെയുള്ള വാക്സിനേഷൻ സൗജന്യമായി നൽകാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ ഏറ്റുമുട്ടൽ ആവർത്തിക്കാതിരിക്കാൻ നടപടി

136(878)ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടർമാർ തമ്മിൽ ഏറ്റുമുട്ടുകയും തുടർന്ന് ഓപ്പറേഷൻ മുടങ്ങിയതുമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടുത്തെ ഏതാനും ജൂനിയർ ഡോക്ടർമാർ രോഗികളെയും രോഗികളുടെ കൂട്ടിരിപ്പുകാരെയും തല്ലുന്നതും ഡോക്ടർമാർ തമ്മിൽ തല്ലുന്നതുമായ സംഭവങ്ങൾ ആവർത്തിക്കുന്നത് ഗൗരവമായി പരിഗണിക്കുമോ;

(സി) എങ്കിൽ ഇതിൻമേൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 7.2.2000-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജൂനിയർ ഡോക്ടർമാർ തമ്മിൽ ആശുപത്രി അന്തരീക്ഷത്തിന് യോജിക്കാത്ത തരത്തിൽ പെരുമാറിയ സംഭവം ഉണ്ടായിട്ടുണ്ട്. എന്നാൽ ഓപ്പറേഷനുകളൊന്നും മുടങ്ങിയിട്ടില്ല.

(ബി) അത്തരം ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടായപ്പോഴെല്ലാം തന്നെ കർശനമായ മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 7.2.2000-ന് നടന്ന സംഭവത്തെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ഈ അസുഖകരമായ സംഭവത്തിനുത്തരവാദിയായ ഡോക്ടറെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൗസ് സർജൻസി തുടർന്ന് ചെയ്യാൻ അനുവദിക്കേണ്ടതില്ലെന്നും മേലിൽ സംസ്ഥാനത്തിന് പുറത്ത് നിന്ന് മെഡിക്കൽ ബിരുദമെടുക്കുന്നവരെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഹൗസ് സർജൻസി ചെയ്യാൻ അനുവദിക്കേണ്ടതില്ല എന്നും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly